**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **29-09-2025 - ൽ മറുപടിയ്ക്ക്**

**ജിയോട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ വികസനത്തിനായി 2025-2026 ബജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപയുടെ ജിയോട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് തീരദേശ വികസനത്തിനായി 2025-2026 ബജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപയുടെ ജിയോട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തീരസംരക്ഷണ പദ്ധതി വിദഗ്ദ്ധനും നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് മുൻ ഡയറക്ടറും നിലവിലെ ഡീപ്പ് ഓഷ്യൻ മിഷൻ, ഡയറക്ടറുമായ എം.വി രമണമൂർത്തിയുമായി സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ പ്രാഥമിക പഠനം നടത്തുകയും ജിയോട്യൂബ് ബ്രേക്ക് വാട്ടർ സ്ഥാപിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങൾ പ്രാഥമികമായി കണ്ടെത്തുകയും ചെയ്തു. പ്രസ്തുത സ്ഥലങ്ങളുടെ ഒരു കരട് റിപ്പോർട്ട് തയ്യാറാക്കി മാതൃകാപഠനം നടത്തുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയിൽ സമർപ്പിച്ചിരിക്കുന്നു. |
| (ബി) | ഏതെല്ലാം തീരപ്രദേശങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രാഥമികമായി 22 പ്രദേശങ്ങളാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജിയുടെ മാതൃകാപഠനം നടത്തുന്നതിനായി സമർപ്പിച്ചിട്ടുള്ളത്. ജിയോ ട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയുടെ മാതൃകാപഠനം നടത്തുന്നതിനായി തിരഞ്ഞെടുത്ത 22 പ്രദേശങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഓരോ പ്രദേശത്ത് സ്ഥാപിക്കുന്നതിനാവശ്യമായ ജിയോട്യൂബിന്റെ ഘടന, വ്യാപ്തി എന്നിവ മനസ്സിലാക്കുന്നതിനും തുക എത്രവേണ്ടിവരുമെന്ന് മാതൃകാപഠനം ലഭ്യമാകുമ്പോൾ മാത്രമാണ് തീരുമാനിക്കുന്നത്. |
| (സി) | ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും എങ്കിൽ നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | മാതൃകാപഠനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ജിയോട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജിയുടെ മാതൃകാപഠനം നടത്തുന്നതിനായി തിരഞ്ഞെടുത്ത 22 പ്രദേശങ്ങൾ**

| ക്രമ നമ്പർ | ജില്ല | തിരഞ്ഞെടുത്ത പ്രദേശം |
|---|---|---|
| 1 | തിരുവനന്തപുരം | അഞ്ചുതെങ്ങ് |
| 2 | തിരുവനന്തപുരം | റാത്തിക്കൽ |
| 3 | തിരുവനന്തപുരം | വർക്കല |
| 4 | കൊല്ലം | ചില്ലക്കൽ |
| 5 | ആലപ്പുഴ | ചെറിയഴീക്കൽ |
| 6 | ആലപ്പുഴ | പുന്നപ്ര |
| 7 | ആലപ്പുഴ | പൊള്ളത്തായ് |
| 8 | ആലപ്പുഴ | അന്ധകാരനാഴി |
| 9 | എറണാകുളം | വൈപ്പിൻ |
| 10 | എറണാകുളം | ചെറായ് |
| 11 | എറണാകുളം | മുനമ്പം |
| 12 | തൃശ്ശൂർ | നാട്ടിക |
| 13 | തൃശ്ശൂർ | വാടാനപ്പള്ളി |
| 14 | തൃശ്ശൂർ | മുനക്കകടവ് |
| 15 | തൃശ്ശൂർ | ചാവക്കാട് |
| 16 | തൃശ്ശൂർ | ഇടക്കഴിയൂർ |
| 17 | മലപ്പുറം | വള്ളിക്കുന്ന് |
| 18 | കോഴിക്കോട് | തിക്കോടി |
| 19 | കണ്ണൂർ | തലായി |
| 20 | കണ്ണൂർ | പയ്യമ്പലം |
| 21 | കണ്ണൂർ | പാലക്കോട് |
| 22 | കാസർഗോഡ് | കസബ |